**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2920** **12-07-2022 - ൽ മറുപടിയ്ക്ക്**

**അന്തിപച്ച പദ്ധതിയിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അന്തിപച്ച പദ്ധതിയിലെ അഴിമതി പുറത്തുവന്നതിനെ തുടർന്ന് പരിശോധന നടത്തുന്നതിനായി പ്രത്യേക ഓഡിറ്റ് സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (എ) | അന്തിപ്പച്ച പദ്ധതിയിലെ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് മത്സ്യഫെഡ് ധനകാര്യ വിഭാഗത്തിലെ അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംഘം പരിശോധന നടത്തി റിപ്പോർട്ട് 03/06/2022-ന് സമർപ്പിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത അഴിമതിയിൽ ഉൾപ്പെട്ട മുഴുവനാളുകളെയും നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിന് ഓഡിറ്റ് നടപടികൾ പര്യാപ്തമാണോ; മത്സ്യഫെഡിലെ അഴിമതി സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ; | (ബി) | മത്സ്യഫെഡിന്റെ ഓഡിറ്റ് നടപടികൾക്ക് പുറമെ ഫിഷറീസ് വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഇതുവരെ എട്ട് പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുമുണ്ട്. |
| (സി) | മത്സ്യഫെഡിൽ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് താൽക്കാലിക ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിലൂടെ അഴിമതി നടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യഫെഡിലെ അഴിമതി തടയുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പണമിടപാടുകൾ നടത്തുന്നതിന് പരമാവധി സ്ഥിരം ജീവനക്കാരെ മാത്രം നിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ജീവനക്കാർ കുറവുള്ള സ്ഥലങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നേരിട്ടുള്ള പണമിടപാടുകൾ കുറച്ച് ഓൺലൈൻ/ക്യൂ ആർ (QR) കോഡ്/കാർഡ് സ്വൈപ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ നേരിട്ട് യൂണിറ്റുകളിൽ നിന്ന് പണം സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഒരു ടോട്ടൽ ഓട്ടോമേഷൻ സംവിധാനത്തിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടന്നുവരുന്നു.<br><br>മത്സ്യഫെഡ് ഭരണസമിതിയുടെ സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.എ പാസ്സായ ഉദ്യോഗസ്ഥനെയോ, ആഡിറ്റ് പരിജ്ഞാനമുള്ള ഓഡിറ്റ് ഓഫീസറെയോ പുറമെ നിന്ന് നിയോഗിക്കുവാനും കൂടാതെ CA/CMA (Intermediate) ട്രെയിനികളെ കൂടി വിനിയോഗിച്ച് പ്രത്യേകമായ പരിശോധന സംവിധാനം ഏർപ്പാടാക്കാനും തീരുമാനമാനിച്ചിട്ടുണ്ട്.<br><br>ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഓഡിറ്റേഴ്സ് ഓഫ് ഇൻഡ്യ പോലുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ